വൈദ്യുതി ലൈനിന് ഭീഷണിയായി വളർന്നുവരുന്ന മരങ്ങളും ശിഖരങ്ങളും വെട്ടിമാറ്റാൻ സ്വീകരിച്ച നടപടി

23 (912) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈനിനോട് ചേർന്ന് ലൈനിന് ഭീഷണിയായി വളർന്നു വരുന്ന മരങ്ങളും ശിഖരങ്ങളും വെട്ടിമാറ്റാൻ അതാതു സമയങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കാത്തതിനാൽ വൈദ്യുതിയിലുള്ള പ്രസരണ നഷ്ടവും, വിതരണ തടസ്സവും സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) വയനാട് ജില്ലയിലെ പനമരം സെക്ഷന് കീഴിൽ കാരക്കാമല റോഡു ഭാഗത്ത് അത്യാവശ്യമായി ഇത്തരം പ്രവൃത്തി നടത്താത്തതിനാൽ ഈ പ്രദേശങ്ങളിൽ സ്ഥിരമായി വൈദ്യുതി വിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് സത്വരമായി പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലൈനുകളിൽ വരുന്ന മരങ്ങളും, ശിഖരങ്ങളും കാലാകാലങ്ങളിൽ മുറിച്ചു മാറ്റുവാൻ സാധാരണഗതിയിൽ നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രവൃത്തിക്ക് വസ്തു ഉടമകളിൽ നിന്നും എതിർപ്പുകൾ ഉണ്ടാവുന്നതു കാരണം പലപ്പോഴും തടസ്സം നേരിടുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വൈദ്യുതി ലൈനുകളിൽ വരുന്ന മരച്ചില്ലകൾ അതതു സമയങ്ങളിൽ തന്നെ മുറിച്ചു മാറ്റുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിന് നിലവിലുള്ള സ്കീമുകൾ

24 (913) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിന് ഏതെല്ലാം തരത്തിലുള്ള സ്കീമുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കീമിൽ ഓരോ വിഭാഗത്തിനും കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സ്കീമിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിനുള്ള സ്കീമുകളും അതിനുള്ള വ്യവസ്ഥകളും അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി-ഡി) ഇല്ല.

പുതുതായി നൽകിയ വൈദ്യുതി കണക്ഷനുകൾ

25 (914) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യാവസായികാവശ്യത്തിനും ഗാർഹികാവശ്യത്തിനുമുള്ള കണക്ഷനുകൾ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര അപേക്ഷകർക്കാണ് വൈദ്യുതി കണക്ഷനുകൾ നൽകുവാൻ ഉള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്നും ഈ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 7,60,529 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 14,847 വ്യാവസായിക കണക്ഷനുകളും 5,30,180 ഗാർഹിക കണക്ഷനുകളും ഉൾപ്പെടുന്നു.

(ബി&സി) 4,95,171 കണക്ഷനുകൾ നൽകുവാനുണ്ട്. ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ കൊടുത്തിരിക്കുന്നു : -

തിരുവനന്തപുരം	-	49,749 രൂപ
കൊല്ലം	-	33,388 രൂപ
പത്തനംതിട്ട	-	15,332 രൂപ
എറണാകുളം	-	36,204 രൂപ
തൃശ്ശൂർ	-	37,112 രൂപ
ഇടുക്കി	-	24,739 രൂപ
കോട്ടയം	-	19,509 രൂപ
ആലപ്പുഴ	-	30,382 രൂപ
കാസർഗോഡ്	-	20,441 രൂപ
കണ്ണൂർ	-	44,509 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly